**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2550** — **13-09-2023 - ൽ മറുപടിയ്ക്ക്**

**മദ്യനയം പിൻവലിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ മദ്യനയത്തിൽ വരുത്തിയ പരിഷ്കാരങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | മദ്യവർജ്ജനത്തിലൂന്നിയ ബോധവത്ക്കരണ പ്രവർത്തനങ്ങളിലൂടെ മാത്രമെ സമൂഹത്തിൽ വർദ്ധിച്ചുവരുന്ന മദ്യാസക്തി കുറച്ചുകൊണ്ടുവരുന്നതിന് സാധിക്കുകയുള്ളൂയെന്ന യാഥാർത്ഥ്യം തിരിച്ചറിഞ്ഞുകൊണ്ടും, വിവിധ പഠനങ്ങളുടെ അടിസ്ഥാനത്തിലും മുൻ വർഷങ്ങളിൽ ഈ സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള മദ്യനയത്തിന്റെ തുടർച്ചയായാണ് 2023-24 വർഷത്തെ മദ്യനയം പ്രഖ്യാപിച്ചിട്ടുള്ളത്. വിമുക്തി മിഷന്റെ ആഭിമുഖ്യത്തിലുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമായി നിർവ്വഹിക്കുവാനും, 2023 മുതൽ എല്ലാ വർഷവും ജൂൺ 26 മുതൽ ആഗസ്റ്റ് 15 വരെയുള്ള ദിവസങ്ങൾ ലഹരി വിരുദ്ധ തീവ്രയജ്ഞ കാലയളവായി പ്രഖ്യാപിച്ച് പൊതുജന പങ്കാളിത്തത്തോടെ ബോധവത്ക്കരണ പരിപാടികൾ നടത്തുവാനും തീരുമാനിച്ചിട്ടുണ്ട്.<br><br>കള്ളുഷാപ്പുകൾ വൃത്തിയുള്ള അന്തരീക്ഷത്തിലും കെട്ടിടങ്ങളിലും പ്രവർത്തിക്കുന്നുവെന്നും കള്ളുഷാപ്പുകളിലൂടെ ശുദ്ധമായ കള്ള് വിതരണം ചെയ്യുന്നുവെന്നും ഉറപ്പ് വരുത്തുവാനും, കള്ള് കേരളത്തിന്റെ തനത് പാനീയം എന്ന നിലയിൽ പ്രോത്സാഹിപ്പിക്കുന്നതിനായി ത്രീ സ്റ്റാർ മുതൽ മുകളിലേക്ക് ക്ലാസിഫിക്കേഷനുള്ള ഹോട്ടലുകളിൽ കള്ള് വിതരണം ചെയ്യുന്നതിന് അനുമതി നൽകുവാനും, കള്ളുഷാപ്പുകളുടെ വില്പന ഓൺലൈൻ മുഖേന ആക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്ത് ആവശ്യമുള്ള മുഴുവൻ മദ്യവും സംസ്ഥാനത്തിനകത്ത് തന്നെ ഉല്പാദിപ്പിക്കുവാനും, കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാനും, വിനോദ സഞ്ചാരം പ്രോത്സാഹിപ്പിക്കുവാനും ലക്ഷ്യം വച്ച് സംസ്ഥാനത്ത് അടഞ്ഞുകിടക്കുന്ന മദ്യനിർമ്മാണ യൂണിറ്റുകൾ തുറന്ന് |

| | | | |
|---|---|---|---|
| | | | പ്രവർത്തിപ്പിക്കുന്നതിനും, ധാന്യേതര കാർഷിക ഉല്പന്നങ്ങൾ ഉപയോഗിച്ച് നിശ്ചിത വീര്യത്തിൽ വൈൻ നിർമ്മിച്ച് സംസ്ഥാന ബിവറേജസ് കോർപ്പറേഷന്റെ ഔട്ട് ലെറ്റുകൾ വഴി വില്പന നടത്തുവാനും, വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ റസ്റ്റോറന്റുകൾക്ക് പ്രത്യേക കാലയളവിലേക്ക് മാത്രം ബിയർ, വൈൻ എന്നിവ വില്പന നടത്തുവാൻ ലൈസൻസ് അനുവദിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | റസ്റ്റോറന്റുകൾ മുഖേന വീര്യം കുറഞ്ഞ മദ്യം വിതരണം ചെയ്തുകൊണ്ടും ബീവറേജസ് ഔട്ട്ലെറ്റുകളുടെ എണ്ണം ഏകദേശം ഇരട്ടിയായി വർധിപ്പിച്ചുകൊണ്ടും സംസ്ഥാനത്ത് മദ്യലഭ്യതയും ഉപഭോഗവും കുറച്ച് കൊണ്ടുവരുവാൻ സാധിക്കുമെന്ന് ഏതെങ്കിലും പഠനത്തിൽ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | റസ്റ്റോറന്റുകൾ മുഖേന വീര്യം കുറഞ്ഞ മദ്യം വിതരണം ചെയ്തുകൊണ്ടും ബിവറേജസ് ഔട്ട് ലെറ്റുകളുടെ എണ്ണം വർദ്ധിപ്പിച്ചുകൊണ്ടും സംസ്ഥാനത്ത് മദ്യലഭ്യതയും ഉപഭോഗവും കുറച്ചു കൊണ്ടുവരുവാൻ സാധിക്കുമെന്ന പഠന റിപ്പോർട്ടുകൾ ഒന്നും തന്നെയില്ല. സമ്പൂർണ്ണ മദ്യനിരോധനം പ്രായോഗികമായി വിജയകരമായി നടപ്പിലാക്കുവാൻ കഴിയുകയില്ലെന്ന് അനുഭവങ്ങളിലൂടെ ബോധ്യമായതിനാൽ, മദ്യവർജ്ജനത്തിലൂന്നിയ ബോധവത്ക്കരണ പ്രവർത്തനങ്ങളിലൂടെ സമൂഹത്തിൽ വർദ്ധിച്ചുവരുന്ന മദ്യാസക്തി കുറച്ചുകൊണ്ടുവരുക എന്നതാണ് സർക്കാരിന്റെ മദ്യനയത്തിന്റെ ലക്ഷ്യം. |
| (സി) | മേൽ പരാമർശിച്ച പ്രകാരം പഠനം നടത്തിയിട്ടില്ലെങ്കിൽ, മദ്യലഭ്യതയും ഉപഭോഗവും കുറയ്ക്കും എന്ന പ്രകടനപത്രിയിലെ വാഗ്ദാനത്തിന് വിരുദ്ധമായി മദ്യനയം ആവിഷ്കരിക്കാനുള്ള സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ; | (സി) | പ്രകടന പത്രികയിലെ വാഗ്ദാനത്തിന് എതിരല്ല സർക്കാരിന്റെ മദ്യ നയം. ടൂറിസം മേഖലയുടെ വികസനത്തിന് സഹായകരമാകുമെന്നതിനാലാണ് വിദേശ വിനോദ സഞ്ചാരികൾ ധാരാളമായി എത്തുന്ന വിനോദ സഞ്ചാര മേഖലകളിലെ റസ്റ്റോറന്റുകൾക്ക് ഒരു പ്രത്യേക കാലയളവിൽ ബിയർ, വൈൻ തുടങ്ങിയ മദ്യങ്ങൾ വില്പന നടത്തുവാൻ പ്രത്യേക ലൈസൻസ് അനുവദിക്കുവാൻ തീരുമാനിച്ചത്. സംസ്ഥാനത്ത് വിദേശ മദ്യശാലകളുടെ എണ്ണം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച തീരുമാനങ്ങൾ 2023-24 വർഷത്തെ മദ്യനയത്തിന്റെ ഭാഗമായി കൈക്കൊണ്ടിട്ടില്ല. |
| (ഡി) | മദ്യനയം പിൻവലിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമൊ? | (ഡി) | 2023-24 വർഷം സർക്കാർ പ്രഖ്യാപിച്ച മദ്യനയം പിൻവലിക്കേണ്ട സാഹചര്യം നിലവിലില്ല. |

സെക്ഷൻ ഓഫീസർ